**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1924** **04.11.2019 ൽ മറുപടിയ്ക്ക്**

## ഇ ഓഫീസ് സംവിധാനത്തിൽ മാറ്റം

| ചോദ്യം<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**,, മഞ്ഞളാംകുഴി അലി**<br>**,, കെ.എം.ഷാജി**<br>**,, പാറക്കൽ അബ്ദുല്ല** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | എൻ.ഐ.സി. മുഖേന നടപ്പിലാക്കുന്ന ഇ ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവും കാലപ്പഴക്കം മൂലവും എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുമുണ്ടോ; | (എ) യും (ബി) യും | ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19.01.2017 ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി യ്ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25.03.2017 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18.04.2017 ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റിയുടെ 26.07.2017 -ൽ കൂടിയ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ് വെയർ ഓപ്പൺ മാർക്കറ്റിൽ |
| (ബി) | പോരായ്മകൾ പരിഹരിക്കുന്നതിന് പകരം പുതിയ സംവിധാനം കൊണ്ടുവരുന്നതിനായി പുറത്ത് നിന്നുള്ള ഏജൻസികളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കുന്നത് രഹസ്യ സ്വഭാവമുള്ള സർക്കാർ ഫയലുകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്താൻ ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | നിന്നും വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. പുതുതായി തെരെഞ്ഞെടുക്കുന്ന സോഫ്റ്റ് വെയർ സ്റ്റേറ്റ് ഡേറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്യുന്നത് എന്നതിനാൽ ഫയലുകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുകയില്ല. |
| (സി) | എൻ.ഐ.സി.യുടെ സോഫ്റ്റ്‌വെയർ തന്നെ അപ്ഡേറ്റ് ചെയ്ത് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (സി) | എൻ.ഐ.സി യുടെ സോഫ്റ്റ് വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യ കാലപഴക്കമുള്ളതായതിനാലും സോഫ്റ്റ് വെയറിന്റെ സോഴ്സ് കോഡ് എൻ.ഐ.സി യുടെ കേന്ദ്ര ഘടകം സംസ്ഥാന ഘടകത്തിന് കൈമാറാൻ തയ്യാറാകാത്തതിനാലും അപ്ഡേറ്റ് ചെയ്ത് പ്രശ്നം പരിഹരിക്കുക അസാധ്യമാണ്. |

Saju

സെക്ഷൻ ഓഫീസർ